(സി) ആകെ ക്ലാർക്കുമാർ - 577

എൽ.ഡി.സി. - 279

യു.ഡി.സി. - 298

(ഡി) നിലവിൽ 4 ഒഴിവുകൾ ഉണ്ട്.

72 (3397) സ്പെഷ്യൽ റൂൾ ഭേദഗതി

ശ്രീമതി എൻ.കെ. രാധ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോട്ടോർ വാഹന വകുപ്പിൽ നിലവിലുള്ള സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനായി സർക്കാർതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(ബി) സ്പെഷ്യൽ റൂൾ നടപ്പാക്കുമ്പോൾ മിനിസ്റ്റീരിയൽ വിഭാഗത്തിന് എൽ.ഡി. ക്ലാർക്കു മുതൽ സീനിയർ ഡി.ടി.സി. ആന്റ് സെക്രട്ടറി, എസ്.ടി.എ. വരെയുള്ള പ്രൊമോഷനെ അത് പ്രതികൂലമായി ബാധിക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നിലവിലുള്ള കേരള ട്രാൻസ്പോർട്ട് സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് അനുസരിച്ച് ജോയിന്റ് ആർ.ടി.ഒ.മാരുടെ നിയമനം മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ നേരിട്ടുള്ള പ്രൊമോഷൻ മുഖേനയും സീനിയർ സൂപ്രണ്ടുമാരുടെ ട്രാൻസ്ഫർ അപ്പോയിന്റ്മെന്റ് മുഖേനയും 1:2 എന്ന അനുപാതത്തിൽ ആണ്. നിലവിലുള്ള നിയമമനുസരിച്ച് സാങ്കേതിക യോഗ്യത ഇല്ലാത്ത സീനിയർ സൂപ്രണ്ടുമാർക്ക് ജോയിന്റ് ആർ.ടി.ഒ. തസ്തികയിലേയ്ക്കും തുടർന്നുള്ള പ്രൊമോഷൻ തസ്തികകളിലേയ്ക്കും നിയമനം ലഭിക്കുവാൻ അർഹതയുണ്ട്.

(ബി) 1989-ലെ കേന്ദ്ര സർക്കാരിന്റെ നോട്ടിഫിക്കേഷനെ ആസ്പദമാക്കി (1991-ലെ ഭേദഗതി അനുസരിച്ച്) മോട്ടോർ വാഹന വകുപ്പിലെ ജോയിന്റ് ആർ.ടി.ഒ. മാർക്ക് സാങ്കേതിക യോഗ്യത നിർബന്ധമാക്കിക്കൊണ്ട് കേരള ട്രാൻസ്പോർട്ട് സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് പരിഷ്കരിക്കാൻ സർക്കാർ തീരുമാനമെടുക്കുകയുണ്ടായി. അതനുസരിച്ച് തയ്യാറാക്കിയ കരട് റൂൾസിന് കേരള പബ്ലിക് സർവീസ് കമ്മീഷന്റെ അംഗീകാരം ലഭിക്കുകയും തുടർന്ന് സബ്ജക്ട് കമ്മിറ്റിക്ക് സമർപ്പിക്കുകയും ചെയ്തു. എന്നാൽ പ്രസ്തുത റൂൾസ് നടപ്പിലാക്കിയാൽ മിനിസ്റ്റീരിയൽ സ്റ്റാഫിലുള്ളവരുടെ നിലവിലുള്ള പ്രൊമോഷൻസാദ്ധ്യത നഷ്ടപ്പെടുമെന്നുള്ളതുകൊണ്ട് പുതുക്കിയ കരട് റൂൾസ് സമർപ്പിക്കുവാൻ, സർക്കാർ ടി.സി.യോട് ആവശ്യപ്പെടുകയും അതനുസരിച്ച് ടി.സി. പുതുക്കിയ കരട് സമർപ്പിക്കുകയുമുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് റൂൾസിൻമേൽ 9-6-99-ൽ വകുപ്പുമന്ത്രി വിവിധ സർവ്വീസ് സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തുകയുണ്ടായി. കരട് നിയമത്തിൻമേൽ തങ്ങളുടെ അഭിപ്രായം വിവിധ സംഘടനാ ഭാരവാഹികൾ ഗതാഗത വകുപ്പ് സെക്രട്ടറിക്ക് സമർപ്പിക്കണമെന്നും, സെക്രട്ടറിതലത്തിൽ ഒരു പ്രാഥമിക ചർച്ച കഴിഞ്ഞതിനുശേഷം വിശദമായ ചർച്ച നടത്തുന്നതാണ് എന്നും പ്രസ്തുത ചർച്ചയിൽ മന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

നിർദ്ദേശിക്കുകയുണ്ടായി. കേന്ദ്ര സർക്കാരിന്റെ നോട്ടിഫിക്കേഷൻ അനുസരിച്ച് കേരള ട്രാൻസ്പോർട്ട് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് പരിഷ്കരിക്കാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പി.എസ്.സി.യുടെ അംഗീകാരം ഇതിന് ലഭിച്ചിട്ടുണ്ട്. തുടർനടപടികൾ പൂർത്തിയായിട്ടില്ല.

73 (3398) ട്രേഡ് അപ്രന്റീസുകളുടെ പ്രതിമാസ സ്റ്റൈപ്പന്റ്

<u>ശ്രീ. ബാബു ദിവാകരൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രേഡ് അപ്രന്റീസുകൾക്ക് നൽകുന്ന പുതിക്കിയ പ്രതിമാസ സ്റ്റൈപ്പന്റ്; കെ.എസ്.ആർ.ടി.സി.യിലെ അപ്രന്റീസുകൾക്ക് നൽകുന്നില്ല എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സ്റ്റൈപ്പന്റ് ഉയർത്താൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇതു സംബന്ധിച്ച തീരുമാനം കൈക്കൊണ്ടിട്ടില്ല.

74 (3399) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കുള്ള ഡി.എ. കുടിശ്ശിക

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> :
<u>ശ്രീ. കെ. സുധാകരൻ</u> :
<u>ശ്രീ. കെ.പി. വിശ്വനാഥൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് കുടിശ്ശികയായ ഒരു ഗഡു ഡി.എ. നൽകാമെന്നു പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഡി.എ. എന്നേയ്ക്ക് നൽകുവാൻ കഴിയും എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ)&(ബി)

1-1-'98 മുതൽ സർക്കാർ/അർദ്ധസർക്കാർ ജീവനക്കാർക്ക് അനുവദിച്ചു നൽകിയ ഡി.എ. വർദ്ധനവ് കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് 6/99 മുതൽ നൽകുന്നതിന് തീരുമാനമായിട്ടുണ്ട്.

75 (3400) ശ്രീചിത്തിരതിരുനാൾ എഞ്ചിനീയറിംഗ് കോളേജ്

<u>ശ്രീ. ജി. സുധാകരൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. സ്ഥാപിച്ച ശ്രീചിത്തിരതിരുനാൾ എഞ്ചിനീയറിംഗ് കോളേജിന്റെ മാനേജ്മെന്റ് ഇപ്പോൾ ആർക്കാണ്;

LIBRARY ARCHIVES Kerala Legislative Assembly